# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **24-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : T 3895**

## സംസ്ഥാനത്ത് പ്രകൃതിവാതക വിതരണ ശൃംഖല

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതി വാതക വിതരണ ശൃംഖല നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതി വാതക പൈപ്പ്ലൈൻ കടന്നു പോകുന്ന ജില്ലകളിലെ ചില സ്ഥലങ്ങളിൽ പരിസരവാസികളിൽ നിന്നുമുണ്ടാകുന്ന എതിർപ്പുകൾ വാതക വിതരണ ശൃംഖല നിർമ്മിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (ബി) വാതക വിതരണത്തിന് എത്ര കിലോ മീറ്റർ നീളത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇത് ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ | (ബി) | നിലവിൽ വാതക വിതരണ ശൃംഖല ഒന്നാം ഘട്ടമായി എറണാകുളം ജില്ലയിൽ മാത്രമേ പൂർത്തിയായിട്ടുള്ളൂ. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിൽ എറണാകുളം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. കാസർഗോഡ് ജില്ലയിൽ ആകെ 81 കി.മീറ്റർ നീളത്തിലാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. അതിൽ 19 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പറളി, വാണിയംകുളം എന്നിവിടങ്ങളിലായി 10 കി.മീറ്ററോളം പൈപ്പ്ലൈൻ സ്ഥാപിച്ചു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ജില്ലയിൽ ആകെ 106 കി.മീറ്റർ നീളത്തിലാണ് പൈപ്പ്ലൈൻ സ്ഥാപി ക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഇതുവഴിയുള്ള പ്രതിദിന ഗ്യാസ് വിതരണം ശരാശരി എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഇതുവഴി 140000 SCM (Standard Cubic Meter) വാതകം പ്രതിദിനം വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) | മംഗലാപുരം-കൊച്ചിൻ പ്രകൃതി വാതക പൈപ്പ്ലൈൻ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (ഡി) | 50 കി.മീറ്റർ പൈപ്പ്ലൈൻ വെൽഡിംഗ് കഴിഞ്ഞു. ഇതിൽ 20 കി.മീറ്റർ Lowering (ഭൂമിക്കടിയിൽ താഴ്ത്തുക) കഴിഞ്ഞു. സംസ്ഥാന സർക്കാർ സഹായത്തോടു കൂടി SV / IP സ്റ്റേഷനുകൾക്കായുള്ള സ്ഥലത്തിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | കോഴിക്കോട് ജില്ലയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ റൂട്ട് മാപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

# INDICATING ROUTE MAP OF KKBMPL PIPE LINE IN KOZHIKODE DISTRICT

